പതിമൂന്നാം കേരള നിയമസഭ

**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2851

10.12.2014 -ലെ മറുപടിയ്ക്ക്.

**പട്ടികജാതി ക്ഷേമത്തിനുള്ള പദ്ധതി വിഹിതം**

| ചോദ്യം<br>**ശ്രീ. ആർ.രാജേഷ്** | ഉത്തരം<br>**ശ്രീ.എ.പി അനിൽകുമാർ**<br>പട്ടികജാതി- പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി |
|---|---|
| (എ) പട്ടികജാതി - വർഗ്ഗ ക്ഷേമത്തിന് , പഞ്ചായത്തുകൾ നടപ്പിലാക്കുന്ന പദ്ധതികൾ മുടങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഇല്ല |
| (ബി) പട്ടികജാതി ക്ഷേമ പദ്ധതികളുടെ നിർവഹണ ചുമതല മാറ്റിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ഉണ്ട്. ഗ്രാമ പഞ്ചായത്തുകളിൽ പട്ടികജാതി ക്ഷേമ പദ്ധതികളുടെ നിർവഹണ ചുമതല ഇപ്പോൾ അസിസ്റ്റന്റ് സെക്രട്ടറിമാർക്കാണ്. |
| (സി) ചുമതലപ്പെട്ട ഉദ്യോഗസ്ഥർക്ക് ട്രഷറി ഇടപാട് നടത്തുന്നതിനുള്ള ഡി.ഡി.ഒ കോഡ് നൽകിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അത് നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ; | (സി) ഗ്രാമ പഞ്ചായത്തുകളിലെ നിർവഹണ ഉദ്യോഗസ്ഥരായ അസിസ്റ്റന്റ് സെക്രട്ടറിമാർക്ക് ഡി.ഡി.ഒ കോഡ് നൽകിയിട്ടുണ്ട്. |
| (ഡി) നടപ്പു സാമ്പത്തിക വർഷം പട്ടികജാതി ക്ഷേമത്തിനുള്ള പദ്ധതി വിഹിതം എത്രയെന്ന് വ്യക്തമാക്കുമോ ; | (ഡി) 2014-2015 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്തുകൾക്ക് പദ്ധതി വിഹിതമായി ബഡ്ജറ്റിൽ 478,63,34,000/ രൂപയും പട്ടികജാതി വികസന വകുപ്പിന് 1,03,442 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. |
| (ഇ) ഈ തുക നടപ്പു സാമ്പത്തിക വർഷം വിനിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ? | (ഇ) ബഡ്ജറ്റ് വിഹിതം നടപ്പ് സാമ്പത്തിക വർഷം പൂർണ്ണമായി വിനിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

Sd/-

സെക്ഷൻ ഓഫീസർ